**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5279** **15-03-2023 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിൽ നടപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതുവഴി എന്തെല്ലാം പുരോഗതിയാണ് വാമനപുരം മണ്ഡലത്തിലെ ആനാട് ഗ്രാമപഞ്ചായത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ആനാട് ഗ്രാമപഞ്ചായത്തിൽ 2021 -22 വർഷത്തിലാണ് ഒന്നാം വർഷ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്.കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. 43750 തെങ്ങുകൾക്ക് (250ഹെ) തടം തുറക്കൽ, കുമ്മായം, ജൈവ രാസവളം, രോഗ കീട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെ വിവിധ പ്രവർത്തികൾക്ക് പ്രോത്സാഹനം നല്കിയതിന്റെ ഭാഗമായി നാളികേര ഉല്പാദനത്തിൽ ഗണ്യമായ പുരോഗതിയുണ്ടായി.<br><br>ജലസേചന സൗകര്യം ക്രമീകരിക്കലിന്റെ ഭാഗമായി കിണർ (5 എണ്ണം), പമ്പ് സെറ്റ് (5 എണ്ണം) തുടങ്ങിയവ അനുവദിച്ചതും തെങ്ങുകയറ്റം ലഘൂകരിക്കുന്നതിന് palm climber (30 യൂണിറ്റ്) വിതരണം ചെയ്തതും കാറ്റു വീഴ്ച രോഗം ബാധിച്ചതും കാലം ചെന്നതുമായ തെങ്ങുകൾ മുറിച്ചു മാറ്റി (1085) പുതിയ തെങ്ങിൻ തൈകൾ (1750) വയ്ക്കുന്നതിന് പ്രോത്സാഹനം നല്കിയതും തെങ്ങു കൃഷിയുടെ അഭിവൃദ്ധിക്ക് വളരെ ഗുണം ചെയ്തിട്ടുണ്ട്.തെങ്ങു കൃഷിയ്ക്കൊപ്പം ഇടവിള കൃഷിയ്ക്ക് (250 ഹെക്ടർ) നടീൽ വസ്തുക്കൾ വിതരണം ചെയ്തതിൽ നിന്ന് രണ്ടാം വർഷമായപ്പോൾ കേരകർഷകർ അധിക വിളവ് എടുത്തു തുടങ്ങി.<br><br>കേരഗ്രാമം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കേരസമിതി, തെങ്ങിൻ തൈ ഉല്പാദനം (300 എണ്ണം), ഉരുക്കു വെളിച്ചെണ്ണ നിർമ്മാണം (12 ലിറ്റർ), വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ് (300 ലിറ്റർ), ചകിരിച്ചോറ് കംപോസ്റ്റ് നിർമ്മാണ യൂണിറ്റ് (10 ടണ്ണിലേറെ ഉല്പാദനമുള്ളവ) എല്ലാം മാതൃകപരമായി പ്രവർത്തിക്കുന്നു.<br><br>കേരസമിതിയുടെ നേതൃത്വത്തിൽ തുടങ്ങിയ നാളികേര ചന്ത, പദ്ധതി പ്രചരണം ഉറപ്പാക്കലും |

| | | | |
|---|---|---|---|
| | | | കേരകർഷക ഏകോപനവും പുരോഗതി ഉറപ്പാക്കി മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു പോകുന്നു. ഇതിനകം 10 ലക്ഷം രൂപയിലധികം നാളികേര സംഭരണവും വിതരണവും (20 ടണ്ണിലേറെ) കേരസമിതി സാധ്യമാക്കി കഴിഞ്ഞു. 750 ൽ അധികം കർഷകർ മെമ്പർഷിപ്പ് എടുത്ത് കേരസമിതിയുടെ ഭാഗമായിട്ടുണ്ട്.<br><br>കേരഗ്രാമം പദ്ധതി ജനകീയവല്ക്കരിക്കുന്നതിലും കേരകർഷകരെ ഒന്നിപ്പിക്കുവാനും തെങ്ങ് കൃഷി ഒരു സജീവ ചർച്ചയാക്കാനും ആനാടിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി അനുവദിച്ചിരുന്നതെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ഒന്നാം വർഷം 50.17 ലക്ഷം രൂപ അനുവദിക്കുകയും 100% തുക ചെലവഴിക്കുകയും ചെയ്തു.<br><br>രണ്ടാം വർഷം 20 ലക്ഷം രൂപ അനുവദിച്ചതിൽ 19.48 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. |
| (സി) | കേരകർഷകർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2014 -15 വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതി ആണ് കേരഗ്രാമം. വരും വർഷങ്ങളിലും ഇതുവരെ പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളിൽ തുടർച്ചയായ 100 ഹെ തെങ്ങ് കൃഷിയുള്ള പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ